ദിവാൻ ഇടക്കുന്നി ശങ്കരവാരിയർ

സി. കെ. മൂസ്സത്

കൊച്ചി പ്രധാനമന്ത്രിയായിരുന്ന ഇക്കണ്ടവാരിയർ എനിയ്ക്കു സുപരിചിതനായിരുന്നു. ഭൂരാപ്രസ്ഥാനവുമായി അദ്ദേഹം ബന്ധപ്പെട്ട കാലത്ത്, ഒരു ഇ. കെ. വാരിയരേയും കഷ്ടിച്ചറിയാം. എന്നാൽ ആ കുടുംബത്തിൽ ദിവാൻ ശങ്കരവാരിയർ എന്നൊരുഅതികായൻ കൊച്ചി സംസ്ഥാനത്തിന്റെ ശില്പി എന്നു പരയാവുന്ന നിലയിൽ ഒന്നാം സ്വാതന്ത്ര്യ സമരത്തിനുമുമ്പ് ജീവിച്ചിരുന്നു എന്ന കാര്യം അടുത്തകാലത്താണ് ഞാൻ മനസ്സിലാക്കുന്നത്. ഒന്നാമത്ത ഞാൻ കൊച്ചിക്കാരനല്ല; ചരിത്ര വിദ്യാർത്ഥിയുമല്ല എന്ന ഒഴികഴിവു പാടെ പറയുന്നില്ല. വിവരക്കേട് എന്നു സമ്മതിച്ചേയ്ക്കാം. ഇയ്യിടെ വൈക്കത്തു പാച്ചുമൂത്തതിന്റെ ജീവചരിത്രരചനയ്ക്കു കേരളസാംസ്കാരിക വകുപ്പ് എന്നെ ചുമതലപ്പെടുത്തിയപ്പോഴാണ് ദിവാൻ ശങ്കരവാരിയരെ ചികിത്സിച്ച സുഖപ്പെടുത്തിയാണ് പാച്ചുമൂത്തത് തന്റെ പ്രശസ്തമായ വൈദ്യവൃത്തിയ്ക്കു തുടക്കം കുറിച്ചത്. എന്നു മനസ്സിലാവുന്നത്. കൊച്ചിയുടെ നവനിർമ്മിതിയ്ക്കുന്നപോലെ പാച്ചുമൂത്തതിന്റെ വൈദ്യവൃത്തിയ്ക്കും അടിസ്ഥാനമുറപ്പിച്ചത് ദിവാൻ ശങ്കരവാരിയരാണെന്നു എന്നെ സംബന്ധിച്ച ഒരു പുതിയ അറിവാകുന്നു.

തൃശ്ശൂരിൽനിന്നു 6 കി. മീ. തെക്കു കിടക്കുന്ന എടക്കുന്നിയിൽ കൊ. വ. 972 മകരത്തിൽ ജനിച്ച ശങ്കരവാരിയക്ക് പാച്ചുമൂത്തതിനെക്കാൾ 17 വയസ്സ് കൂടുതൽ പ്രായമുണ്ടായിരുന്നു. ഇരുപേരും ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിക്കാതെ സംസ്കൃതം പഠിച്ച് വളർന്ന സ്വന്തം വ്യക്തിത്വം വികസിപ്പിച്ചവരത്രെ. ശങ്കരവാരിയർ സംസ്കൃതത്തിൽ സാമാന്യം വ്യുല്പത്തി നേടി ഉപജീവനം തേടി എറണാകുളത്തു ചെന്നപ്പോൾ രണ്ടുവർഷക്കാലം പലരെയും കണ്ടു. പരിശ്രമിച്ചു. ഒരു ജോലി തരപ്പെട്ടത് അന്നത്തെ അപ്പീൽ കോടതിയിലാണ്. Some job is better than no job എന്ന തത്വം മുൻനിർത്തി ഒരു ചെറിയ തസ്തിക തരപ്പെട്ടതു സ്വീകരിച്ചു ഒരുവർഷം അങ്ങിനെ ഉന്തിനീക്കി. എന്നാൽ ജോലിയിൽ പത്മാവധി ശ്രദ്ധയും സമയനിഷ്ഠയും പാലിക്കപ്പെട്ടു. പൂക്കാം സംഭരിച്ചു മാലകോർത്തു വടക്കുന്നാഥന്റെ തൃപ്പടിമേൽ വെക്കുന്നതിൽ കാട്ടേണ്ട ശ്രദ്ധയും നിഷ്ഠയും അർപ്പണഭാവവും വിനയവും പ്രകടമാക്കിയ ശങ്കരവാരിയരുടെ കഴിവും തന്റേടവും ശ്രദ്ധിയ്ക്കപ്പെട്ടു. ഒരുകൊല്ലത്തിനിടയ്ക്കു ജോലി ദിവാന്റെ ആപ്പീസിലായി. നഞ്ചപ്പയ്യൻ എന്ന ദേഹമായിരുന്ന അന്നു കൊച്ചിദിവാൻ. വാരിയരുടെ ബുദ്ധിശക്തി കാര്യശേഷി, അർപ്പണഭാവം എന്നിവ കണക്കിലെടുത്തു ദിവാൻ വാരിയരെ പല കാര്യങ്ങൾക്കും ഒന്നിച്ചുകൂട്ടാനും വിശ്വസിക്കാനുമാരംഭിച്ചു. കഷ്ടിച്ചു 24 വയസ്സേ വാരിയർക്ക് അന്നുണ്ടായിരുന്നുള്ളൂ. ആ യുവാവു ദിവാന്റെ ആപ്പീസിലെ ഫെഡ്രായസമായയത്തപ്പെട്ടു. ആ നിലയിൽ ഏതാണ്ട് ഒരു വ്യാഴവട്ടം പ്രവർത്തിയ്ക്കാനും ഇടയായി. അടുത്ത ഹജൂർ ശിരസ്തദാരായി ഒരു മുന്നൊല്ലം ജോലി നോക്കിയ വാരിയരെ പിന്നീടു കൊച്ചിക്കാർ കാണുന്നതു ദിവാൻ പേഷ്ക്കാർ പദവിലാണ്. അതിനിടയ്ക്ക് അത്യാവശ്യം ഇംഗ്ലീഷും. ഭരണരീതികളും മറ്റും വാരിയർ വശപ്പെടുത്തിക്കഴിഞ്ഞിരുന്നു. സംസ്കൃതം അടിയുറച്ചു പഠിച്ച ആർക്കും വശപ്പെടാൻ വയ്യാത്ത വേലയോ വൈജ്ഞാനിക മേഖലയോ ഇല്ലെന്നതിനു അടുത്തകാലത്തു എൻ. വി. കൃഷ്ണവാരിയർ തെളിയിച്ചു കാട്ടുന്നുണ്ടല്ലോ. ദിവാന്റെ ആപ്പീസിൽ ജോലിചെയ്യുന്ന കാലത്തു സ്റ്റേറ്റ് മുഴുവൻ മേലധികാരിയുടെ കൂടെ യാത്ര ചെയ്യാനും പല ജോലികളിലും അദ്ദേഹത്തെ സഹായിക്കാനും കഴിഞ്ഞതായിരുന്നു വാരിയരുടെ നേട്ടം. ബുദ്ധിശക്തിയും അർപ്പണബോധവും പൈതൃകമായിസിദ്ധം. ഭരണകാര്യങ്ങളിൽ തിരുവിതാംകൂർ സ്റ്റേറ്റിൽ നിന്നു പലതും കൊച്ചിയ്ക്കു സ്വീകരിക്കേണ്ടതുണ്ടായിരുന്നു. ദിസിഡണ്ട് സായ്പിന്റെ ആ

പ്പീസിലേയ്ക്ക മാറ്റം കിട്ടിയപ്പോൾ വാരിയർക്ക് അതൃപ്തിയുണ്ടായില്ല.

തിരുവിതാംകൂറിൽ കണ്ണൽ മൺറോ ദിവാനായി (1811—1816) ജോലി ചെയ്യുമ്പോൾ റസിഡണ്ട് പദവി കൂടി നിലനിർത്തിയതുകൊണ്ട് വകുപ്പുകളെ കാര്യക്ഷമമാക്കി വ്യവസ്ഥ ചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഭരണത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം ദിവാനുതന്നെ. ഹുജൂർ കച്ചേരിയാണ് ദിവാന്റെ ആപ്പീസ്. എല്ലാ വകുപ്പുകൾക്കും നിർദ്ദേശം അവിടെനിന്നു കിട്ടും. റായസംവകുപ്പാണ് മുഖ്യമായ കത്തിടപാടുകൾ നടത്തുക. ഖജാന, രവന്യൂ, ഫൈനാൻസ് എന്നിവ കൈകാര്യം ചെയ്യുന്നതു ജമാവന്തി വകുപ്പാണ്. അക്കൗണ്ടന്റ് ജനറാലുടെ അന്നത്തെ പേര് വലിയ മേലെഴുത്തുപിള്ള എന്നായിരുന്നു. അവസാനിയ്ക്കാത്ത ചർച്ചകളും കമ്മീഷ്ണകളും സെമിനാറുകളും ശില്പശാലകളും ഇല്ലെങ്കിലും കാര്യങ്ങൾ ചിട്ടപ്രകാരം നടക്കുന്നതിനു പ്രയോഗികമായ ഒരു സംവിധാനം തിരുവിതാംകൂറിൽ കണ്ണൽ മൺറോ ഏർപ്പെടുത്തിയിരുന്നു എന്നു സാമാന്യബുദ്ധികൊണ്ടു വാരിയർ മനസ്സിലാക്കി.

കൊച്ചിയിലെ സ്ഥിതി ശോചനീയമായിരുന്നു. നികുതിപിരിവും ചിട്ടകളും ഇല്ലാത്തതുകാരണം ഭണ്ഡാരം കാലിയാണ്. പ്രഭുപുഴം ഉദ്യോഗസ്ഥന്മാർക്ക് ശമ്പളം കൊടുക്കുവാൻ പണമില്ല. ചിലപ്പോൾ ശമ്പളത്തിനു പകരം കിട്ടുന്നതു കളിയുപ്പും വെടിപ്പുകയിലയും മറ്റുമായിരുന്നു കാലമുണ്ടായിരുന്നപ്പോൾ. വെങ്കിട സുബ്ബയ്യൻ ദിവാനായപ്പോൾ ഉദ്യോഗസ്ഥന്മാർക്ക് ശമ്പളം മൂന്നുമാസത്തിലധികം കുടിശ്ശിക വന്നിട്ടില്ലെന്നതു ഒരു നേട്ടമായി മൂന്നിക്കാട്ടപ്പെട്ടിരുന്നു. ധനസ്ഥിതി മോശമായാൽ ഭരണമെങ്ങിനെ കാര്യക്ഷമമാക്കും? നിർമ്മാണപ്രവർത്തനങ്ങളും ജനക്ഷേമ പരിപാടികളുംഎങ്ങിനെ മുന്നോട്ടു പോകും..! 1840 ജനുവരി 20-ാംനു- വെങ്കിടസുബ്ബയ്യരെ ദിവാൻ പണിയിൽനിന്നു പിരിച്ചു. ആ ജോലി ശങ്കരവാരിയരെ ഏല്പിച്ച സാഹചര്യമിതായിരുന്നു

രാജ്യത്തെ ഭണ്ഡാരം നിറയ്ക്കുക, ജനക്ഷേമകരമായ മാമൂലു വേലകൾ സമാരംഭിക്കുക, കൃഷി കച്ചവടം, കൈത്തൊഴിൽ എന്നിവ [illegible] തുക എന്നീ കാര്യങ്ങളിൽ വാരിയരുടെ ശ്രദ്ധ പതിഞ്ഞു. റസിഡണ്ടിന്റെ സഹകരണമുണ്ടായിരുന്നതുകൊണ്ട് ഫലപ്രദമായ നടപടികളും സ്വീകരിയ്ക്കാൻ ദിവാൻ ശങ്കരവാരിയർക്കു കഴിഞ്ഞുതാനും. ഏറണാകുളത്തു ഒരു ഇംഗ്ലീഷ് സ്കൂളും ആശുപത്രിയും തുടങ്ങി. ചിറ്റൂർ താലൂക്കിലെ മൂലത്തറ ചിറപ്പണിയാരംഭിച്ചതു വാരിയരുടെ ഭരണകാലത്താണു. ഏറണാകുളവും തൃശ്ശൂരും തമ്മിൽ ജലമാർഗ്ഗമായ പോക്കുവരവും ഏതുകാലത്തുമാകാമെന്നായി. തേവരകണ്ടനൂർ തോട് വെട്ടുക വഴി ഏറണാകുളവും തൃപ്പൂണിത്തുറയും തമ്മിലുള്ള ജലമാർഗ്ഗത്തിനു ദൂരം കുറഞ്ഞുകിട്ടി. തൃശ്ശൂർ തൃപ്പൂണിത്തുറ, ചിറ്റൂർ മുതലായ സ്ഥലങ്ങളിൽ നിരവധി കളങ്ങളും പണി തീർത്തു അദ്ദേഹമാണു.

ശങ്കരവാരിയരെ ആധുനിക കൊച്ചിയടെ ശില്പിയായി ചിത്രീകരിക്കുന്നതിൽ തെറ്റില്ല. അദ്ദേഹത്തിന്റെ ഭരണശേഷിയെക്കുറിച്ചു മദിരാശി ഗവർണർക്ക് പലതവണ പ്രശംസിക്കാനവസരമുണ്ടായി. "കൊച്ചിശീമയുടെ ഐശ്വര്യത്തിൽ ഞങ്ങൾക്കു വലിയ തൃപ്തി തോന്നുന്നുണ്ട്. ആ രാജ്യത്തെ ദിവാന്റെ പ്രശസ്തി അതിൽ നല്ലവണ്ണം പ്രതിഫലിച്ചു കാണുന്നു." എന്ന ഭാഗം 1842-ലെ റിപ്പോർട്ടിലുണ്ടായിരുന്നു. ഭരണം തുടങ്ങി രണ്ടുവർഷത്തിനകം ഉദ്യോഗസ്ഥന്മാർക്കു ശമ്പളം കൃത്യമായി നൽകുകയും അധീശശക്തിക്കു നൽകേണ്ടകപ്പം കൊടുക്കുകയും ചെയ്തശേഷം ഒന്നരലക്ഷം രൂപമിച്ചമാക്കുവാൻ വാരിയർക്കു കഴിഞ്ഞു. 1844-ലെ റിപ്പോർട്ടിലാകട്ടേ, "പൊതുവഴികൾ നന്നാക്കിക്കുന്നതിലും ജനോപകാരമായ മറ്റു മരാമത്തുകൾ നടത്തിക്കുന്നതിലും നല്ല ശ്രദ്ധ കാണിക്കുന്നു ദിവാൻ പ്രശംസയർഹിക്കുന്നു. ദിവാന്റെ നടപടികളെപ്പറ്റി ഞങ്ങൾക്കുള്ള നല്ല അഭിപ്രായത്തെ രേഖപ്പെടുത്താൻ മദിരാശി ഗവർണർക്കും കൗൺസിലിനും സന്തോഷമുണ്ട്".

1843-ാമാണ്ടു ജൂൺ 28നു- കോർട്ട് ഓഫ് ഡയറക്ടർസ് ഇങ്ങിനെ അഭിപ്രായം രേഖപ്പെടുത്തിയതും ശ്രദ്ധേയമത്രേ. "ഇപ്പോഴത്തെ ദിവാൻ ശങ്കരവാരിയരുടെ രാജ്യഭാരത്തിൽ കൊച്ചി രാജ്യം സകലം വ്യാപിച്ച നല്ല ഭരണസമ്പ്രദായത്തെ

യു[illegible]തയും പറഞ്ഞു മേജർ ജനറൽ കല്ലൻ[illegible] രാജ്യത്തു സർക്കീട്ട് കഴിച്ചതിന്റെ ശേഷം റിപ്പോർട്ട് ചെയ്തത് അതിനുമുമ്പുള്ള അഴിമതിയോടുകൂടിയ ഭരണസമ്പ്രദായത്തോടുള്ള വൈപരീത്യത്തെ സ്പഷ്ടമായി പ്രകാശിപ്പിക്കുന്നതിനാൽ വിശേഷിച്ചും വളരെ തൃപ്തികരം എന്നാണ്. ആ രാജ്യത്തെ മുതലെടുപ്പിൽനിന്ന് 1,50,000 രൂപ ചിലവു കഴിച്ച് സമ്പാദിച്ചിട്ടുണ്ടെന്നും, ആ സംഖ്യദിവാന്റെ അഭിപ്രായപ്രകാരം കമ്പനിക്കാരുടെ ബാങ്കിൽ പലിശക്കിട്ടിരിക്കുന്നുവെന്നും അറിയുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. 1844 ജൂലായ് മാസത്തിൽ പറഞ്ഞതോ? "ഇപ്പോഴത്തെ ദിവാനായ ശങ്കരവാരിയരുടെ രാജ്യഭരണം കൂടുതൽ ഫലവത്തായിത്തന്നെ തുടരുന്നു. അദ്ദേഹം ഈ രാജ്യത്തെ ചിലവാസകലം കഴിച്ചു രണ്ടുലക്ഷം രൂപയോളം സമ്പാദിച്ചു. ധനസംബന്ധമായ കാര്യങ്ങളുടെ നടത്തിപ്പിൽ എത്രത്തോളം നൈപുണ്യവും ഫലപ്രാപ്തിയും ആണ് കാണിച്ചത് അത്രത്തോളംതന്നെ മറ്റു ഭരണകാര്യങ്ങളിലും—പൊല്ലീസസംബന്ധമായും ജൂഡീഷ്യറി സംബന്ധമായും അവ വെളിപ്പെട്ടുകാണുന്നു. റോഡുകൾ നിർമ്മിക്കുന്നതിലും അണക്കെട്ടുകൾ കുളങ്ങൾ എന്നിവയുടെ പണികളിലും പ്രശംസനീയമായ പരിശ്രമം നടക്കുന്നുണ്ട്. ദിവാനെപ്പറ്റി ഗവർമ്മെണ്ടിനുള്ള നല്ല അഭിപ്രായത്തെ അദ്ദേഹത്തെ ധരിപ്പിക്കുന്നതിനു ജനറൽ കല്ലൻ കല്പനകൊടുത്തതു യുക്തംതന്നെ.

മഹാരാജാവുമായി ഇണങ്ങിപോകുന്നതിലും ഒരളവുവരെ ദിവാൻ വിജയിച്ചു. എന്നു പറയാം. ദിവാനെ പ്രോത്സാഹിപ്പിക്കുക കൂടി ചെയ്ത മഹാരാജാവ് 1844-ൽ ഇരിങ്ങാലക്കുടെ വെച്ചു തീപ്പെട്ടു ദിവാനു വലിയ വിഷമമുണ്ടാക്കി. പിന്നത്തെ രാജാവു ദിവാന്റെ ചെയ്തികളെ അനാവശ്യമെന്നും താന്തോന്നിത്തമെന്നു വ്യാഖ്യാനിയ്ക്കുകയാണുണ്ടായതു. മഹാരാജാവ് ഭരണകാര്യങ്ങളിൽ തടസ്സം സൃഷ്ടിയ്ക്കുമെന്നയപ്പോൾ റസിഡണ്ടിന്റെ ഉപദേശം സ്വീകരിച്ചു. കാര്യക്ഷമം നടത്താത്ത രാജാവിന്റെ അംഗീകാരത്തിനുവേണ്ടി റിപ്പോർട്ടു ചെയ്യാനും തുടങ്ങിയതു കൂടുതൽ കഴപ്പത്തിനു കാരണമായി. മഹാരാജാവ് നേരിട്ടു ദിവാനെതിരായി മദിരാശി ഗവർമ്മെണ്ടിലേക്കു പരാതിക്കുറിപ്പെഴുതിയെന്നാണു കേട്ടിട്ടുള്ളതു. കാര്യക്ഷമതയുള്ള ദിവാനെ മാറ്റുന്നതു യുക്തമല്ലെന്ന നിലപാടിൽ അധീശ ഗവർമ്മെണ്ടു ഉറച്ചുനിന്നതുകൊണ്ടു കഴപ്പമൊന്നും ഭരണത്തെ ബാധിച്ചില്ല.

ഇക്കാലത്താണ് 1840 ഫെബ്രുവരിയിൽ അനധ്യായമില്ലാത്ത അദ്ധ്വാനം കാരണം കാര്യമായ അസുഖം പിടിച്ചു ദിവാൻ കിടപ്പിലായി. ഈ രോഗം സംബന്ധിച്ചു ചികിത്സയ്ക്കായ് വൈക്കത്തു പാച്ചുമൂസ്സതിനെ ബോട്ടുമായി ആളെ അയച്ചു ആനയിച്ചതു. മൂസ്സതാകട്ടെ മാതുചരമത്തെ തുടർന്നു നിത്യശ്രാദ്ധവും സംവത്സര ദീക്ഷയുമായി വൈക്കത്തു കഴിയുകയായിരുന്നു. കാലത്തു നിത്യശ്രാദ്ധം കഴിഞ്ഞു പുറപ്പെട്ടു വൈകിട്ടു എറണാകുളത്തെത്തി. ദിവാനെ പരിശോധിച്ചു ചികിത്സക്കുള്ള കുറിപ്പെഴുതി. ഉടൻ മടങ്ങി. പ്രഭാതത്തിൽ വൈക്കത്തെത്തി. ഔഷധപ്രയോഗവും പത്ഥ്യാചരണവും കുറിപ്പിൻപടി കൃത്യമായി നടന്നതുകൊണ്ടു രോഗം തീരെ മാറി. ഇതേ ഉടനും പാച്ചു മൂസ്സതിനോടു അങ്ങേ അറ്റത്തെ കൃതജ്ഞതയുള്ളവനായി ദിവാൻ മാറി. അടുത്ത വർഷം കന്നിയിൽ അന്നയുടെ പുത്രന്മാർ[illegible] മാസാടിയന്തിരത്തിൽ വേണ്ടുന്ന കൊപ്പുകൾ അയച്ചു് അടിയന്തിരം ഭംഗിയായി നടത്തിയതു് ദിവാൻശങ്കരവാരിയരായിരുന്നുവത്രേ മാത്രമല്ല ചെറിയ വേതനം നിശ്ചയിച്ചു് എറണാകുളത്തു താമസിക്കാൻ വ്യവസ്ഥയും ദിവാൻ ചെയ്തു. 1852-ൽ മഹാരാജാവ് ചൊവ്വരവെച്ചു് കുതിരപ്പുറത്തുനിന്നു വീണപ്പോൾ, ചികിത്സയ്ക്കായി ദിവാൻ നിയോഗിച്ചതു പാച്ചു മൂസ്സതിനെയായിരുന്നു. അതിനുമുമ്പു് കണ്ണമ്പ്രനേത്യാരമ്മയുടെ സുഖക്കേടും പാച്ചുമൂസ്സതിന്റെ ചികിത്സയിൽ മാറിയതിനെ പുരസ്കരിച്ചു വീരശൃംഖല മഹാരാജാവിനെക്കൊണ്ടു ദിവാൻ കൊടുപ്പിക്കുകയുണ്ടായി.

1851 ജൂലായ് മാസത്തിൽ മഹാരാജാവ് തീപ്പെട്ടു. ഉടനും സ്ഥാനത്തുവന്ന വീരകേരളവർമ്മ

തിരുമനസ്സിലേക്ക് ദിവാനെ വളരെ സന്തതമായിരുന്നു. മഹാരാജാവുമൊന്നിച്ചു പാച്ചുമൂസ്സതിനും കാശിയ്ക്കുപോകാനുള്ള സൗകര്യം ദിവാൻ ചെയ്തുകൊടുത്തു. നിർഭാഗ്യമെന്നുപറയട്ടേ! 1853-ൽ മഹാരാജാവ് കാശിയിൽവെച്ചു തീപ്പെട്ടകയും ഉടൻതന്നെ രവിവർമ്മ മഹാരാജാവിന്റെ ഗുഷ്ടിയിൽ ദിവാനോ പാച്ചുമൂസ്സതോ സ്വീകാര്യരായിരുന്നതുമില്ല.

ഏതാണ്ടു പതിനേഴുവർഷത്തെ ഇടവിടാത്ത ജോലി ചെയ്ത ശങ്കരവാര്യരുടെ ആരോഗ്യം ക്ഷയിച്ചു. 1854 ജൂൺ മുതൽ പാച്ചു മൂസ്സതാകട്ടേ, കൊട്ടാര വൈദ്യനായി തിരുവനന്തപുരത്തുമായി താമസം. ചികിത്സാ സൗകര്യത്തിന്റെ അപര്യാപ്തത കൊണ്ടോ എന്തോ കുറച്ചുദിവസം മാത്രം രോഗശയ്യയിൽപ്പെട്ട ദിവാൻ ശങ്കരവാരിയർ 1856 ഒക്ടോബർ 23-നു ചരമഗതിയെ പ്രാപിച്ചു. മാന്യമായ രീതിയിൽ ശവസംസ്ക്കാരം ചെയ്യുന്നതിന്റെ മുഴുവൻ ചെലവും സർക്കാരിൽനിന്നാകണമെന്നു മഹാരാജാവ് കല്പിച്ചു. മലബാർ കലക്ടരും അനുശോചനം രേഖപ്പെടുത്തി.

"ശങ്കരവാരിയരുടെ കീർത്തി നിസ്സീമമാണ്. രണ്ടു തലമുറക്കാലത്തോളം അദ്ദേഹം രാജ്യത്തെ സകല നടപടികളുടെയും നിയാമകനായിരുന്നു. അദ്ദേഹത്തിന്റെ ഗുണകരമായ പ്രവൃത്തികളും ഉദ്യോഗസംബന്ധമായി മാത്രം ഒതുങ്ങിയില്ല. ക്ഷേത്രങ്ങളുടെ ഉദ്ധരണം വിനാശകരമായ കോതി വ്യവഹാരങ്ങളും എന്നിവ അവസാനിപ്പിക്കാൻ അതാഉദിക്കിൽ അദ്ദേഹം അറുവഴിക പതിവായിരുന്നു. കാര്യനിർവ്വഹണ സാമർത്ഥ്യം സർക്കാർ മുതലെടുപ്പിന്റെ വർദ്ധനകൊണ്ടു തെളിഞ്ഞിട്ടു. കൊച്ചി രാജ്യത്തിനും കൊച്ചിക്കാർക്കും ഇത്രഗുണം ചെയ്തിട്ടുള്ള ഒരു ദിവാൻ ഈ രാജ്യത്തു അതിനു മുമ്പോ പിമ്പോ ഉണ്ടായിട്ടില്ലെന്നും സി. വി. രവി ശർമ്മരാജാ എന്ന ദേഹം ഒരുലേഖനത്തിൽ പ്രസ്താവിച്ചു. ആ ചരമം സംഭവിച്ചു 13 ദശകം പിന്നിട്ടുന്ന ഈ മുഹൂർത്തത്തിൽ ആധുനിക കൊച്ചിപ്രദേശശില്പിയെന്നും ഏതുനിലയ്ക്കും വിളിയ്ക്കാവുന്ന ദിവാൻ ഇടക്കുന്നി ശങ്കരവാരിയരുടെ ജീവിതകഥ ചെറുതായൊന്നു അനുസ്മരിക്കുന്നതു സാധ്വിമാസംഗതമായി തോന്നുകയാണു. 1857-ലാണ് ഒന്നാം സ്വാതന്ത്ര്യസമരം ആരംഭിക്കുന്നതെങ്കിൽ അതിന്റെ തുടക്കത്തിൽ വീരചരമം പ്രാപിച്ച ആ രാജ്യസ്നേഹിയുടെ ജീവിതകഥ എങ്ങിനെ അസംഗതമാകും!

പ്രിയം പത്ഥ്യം സദ്വചനമിദമാക്കിക്കലമൃതം
പ്രിയം ക്ലേശാതേയും പറകിലറിവുള്ളോക്കതിരസം
ദ്വയം വേർപെട്ടാലും വെടിയരുതുസത്യ-
ത്തെയതിലും
ത്രയത്തെയും പോക്കും വചനമതു-
ലോകത്തിനു വിഷം

WINSOM PLASTICS
Makers of Winsom P V C Pipes
Office:
SAROJA BUILDING, THODUPUZHA
KERALA.
PHONE: 2739, 2509, 2859.